LIBRARY ARCHIVES Kerala Legislative Assembly

നഗരസഭകളിലെ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ

103 [923] ശ്രീ. ഷിബു ബേബി ജോൺ:

,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 1999-ൽ ഭേദഗതി ചെയ്ത പ്രകാരം ആക്ട് 22(1) (എഫ്)-ൽ നഗരസഭകളിലെ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കേണ്ടത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക ളാണെങ്കിലും കമ്മിറ്റി അറിയാതെയാണ് ഇതു സംബന്ധിച്ചുള്ള ഫണ്ടിന്റെ വിനിയോഗം എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുനിസിപ്പൽ ആക്ട് ഭേദഗതി ചെയ്യുന്നതിനു മുമ്പ് നിലവിൽ വന്ന കുടുംബശ്രീയുടെ എൻ.ജി.ഒ. ആയ കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റിയുടെ ഭരണഘടനയിൽ പുതിയ ആക്ടിലെ വ്യവസ്ഥകൾ കൂട്ടിച്ചേർത്ത് പ്രസ്തുത സംഭവം ഒഴിവാക്കുവാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനവും നവീകരണവും

104 [924] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ നിലവാരത്തിലുള്ള ആശുപത്രിക ളെയാണ് ഫസ്റ്റ് റഫറൽ യൂണിറ്റുകളായി പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഫസ്റ്റ് റഫറൽ യൂണിറ്റുകളായി പ്രഖ്യാപിച്ചിട്ടുള്ള ആശുപത്രികളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ജീവൻ രക്ഷാ മരുന്നുകളെങ്കിലും എല്ലാ സർക്കാർ ആശുപത്രിക ളിലും ലഭ്യമാക്കുമോ; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളതെന്നും ഇനി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1996-ൽ ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ തീരുമാനമനുസരിച്ച് അമ്മ മാർക്കും കുഞ്ഞുങ്ങൾക്കും 24 മണിക്കൂറും അവശ്യ സേവനങ്ങളും അടിയന്തിര സേവനങ്ങളും നൽകാൻ പ്രാപ്തമായ ആശുപത്രികളെയാണ് എഫ്.ആർ.യു. ആയി പ്രഖ്യാപിച്ചിട്ടുള്ളത്. കേരളത്തിൽ ജനറൽ ആശുപത്രികൾ, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, സി.എച്ച്.സി.-കൾ എന്നിവ ഉൾപ്പെടെ 65 സ്ഥാപനങ്ങളാണ് എഫ്.ആർ.യു.-ആയി തിരഞ്ഞെടുത്തിട്ടുള്ളത്.

(ബി) 24 മണിക്കൂറും ആശുപത്രിയിൽ മേൽപ്പറഞ്ഞ സേവനങ്ങൾ നൽകുന്നതിനുവേണ്ടി ഗൈനക്കോളജിസ്റ്റ്, പീഡിയാട്രീഷൻ, അനസ്തെറ്റിസ്റ്റ്, പരിശീലനം ലഭിച്ച നേഴ്സുമാർ, രക്തം നൽകുവാനുള്ള സംവിധാനങ്ങൾ, ഒ.ആർ.ടി. കോർണർ, റസസിറ്റേഷൻ കോർണർ, ബേബി (ഫ്രണ്ട്‌ലി) ഹോസ്പിറ്റൽ ഇനിഷ്യേറ്റീവ്, ഫാമിലി വെൽഫെയർ ക്ലിനിക്ക്, ബോയിൽസ് അപ്പാരറ്റസ്സോടു കൂടിയ ഓപ്പറേഷൻ തീയേറ്റർ, സിസേറിയൻ ഓപ്പറേഷനു വേണ്ട സംവിധാനങ്ങൾ, ലബോറട്ടറി സൗകര്യങ്ങൾ എന്നിവ ഈ സ്ഥാപനങ്ങളിൽ നിലവിലുണ്ട്.

(സി) ഇപ്പോൾത്തന്നെ ജീവൻരക്ഷാ മരുന്നുകൾ എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാണ്. ഇതുകൂടാതെ അടിയന്തിര ഘട്ടങ്ങളിൽ ആവശ്യമുള്ള മരുന്നുകൾ ലോക്കൽ പർച്ചേസ് വഴിയും എച്ച്.ഡി.സി. ഫണ്ടിൽ നിന്നും വാങ്ങാനുള്ള അനുമതി സൂപ്രണ്ടുമാർക്ക് നൽകിയിട്ടുണ്ട്.

(ഡി) ആരോഗ്യ വകുപ്പിൽ എം.ജി.പി.-യുടെ ഭാഗമായി താഴെ പറയുന്ന പദ്ധതികൾ 2004-2005 ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(i) സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത നിലവാരത്തിൽ സേവനങ്ങളും സൗകര്യങ്ങളും ലഭ്യമാക്കലും സേവനമൂല്യം നിർണ്ണയിക്കുന്നതിനുമുള്ള പദ്ധതി.

(ii) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് ആരോഗ്യ സുരക്ഷാ പദ്ധതി.

(iii) ആരോഗ്യ സേവനങ്ങളിൽ ബഹുജന പങ്കാളിത്തത്തോടെ സാമൂഹിക നിരീക്ഷണ പദ്ധതി.

(iv) ആരോഗ്യ സേവനം മെച്ചപ്പെടുത്തുന്നതിന് സ്വയം സഹായ സംഘങ്ങളെ ശക്തമാക്കാനുള്ള പദ്ധതി.

(v) ആശുപത്രിയിലെ ജൈവാവശിഷ്ടങ്ങളുടെ സംസ്കരണത്തിനുള്ള പദ്ധതി.

ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന സെക്കന്ററി ഹെൽത്ത് സിസ്റ്റം പ്രോജക്ട് എന്ന പദ്ധതിക്ക് ധനസഹായം നൽകുവാൻ തത്വത്തിൽ ധാരണയായിട്ടുണ്ട്. ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത് താഴെ പറയുന്ന കാര്യങ്ങളാണ്.

(1) പകർച്ചവ്യാധി അല്ലാത്ത രോഗങ്ങളായ ഡയബറ്റിക്, ഹൃദ്രോഗം, കാൻസർ മുതലായവയുടെ തോത് സമൂഹത്തിൽ കുറച്ചുകൊണ്ടുവരിക.

(2) മെച്ചപ്പെട്ട ട്രോമാകെയർ സംവിധാനങ്ങൾ ഏർപ്പെടുത്തുക.

(3) ഹെൽത്ത് ഇൻഷ്വറൻസ് സ്കീം നടപ്പാക്കുക.

(4) മാതൃശിശു മരണ നിരക്ക് കുറയ്ക്കുക.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ മെഡിക്കൽ കോളേജുകളുടെ നവീകരണത്തിനായി ആധുനിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എ ആന്റ് ബി ഓപ്പറേഷൻ തിയേറ്ററുകൾ ആധുനിക സൗകര്യങ്ങളോടെ നവീകരിച്ചു. അതു പോലെ ആശുപത്രി കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കോട്ടയം മെഡിക്കൽ കോളേജിൽ സ്പെഷ്യാലിറ്റി ബ്ലോക്കുകൾ നിർമ്മിച്ചു കഴിഞ്ഞു. അവിടെ ന്യൂറോളജി, നെഫ്രോളജി, കാർഡിയോളജി എന്നീ സൂപ്പർ സ്പെഷ്യാലിറ്റികൾ പ്രവർത്തിക്കുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിൽ പത്തു നിലകളുള്ള സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. അവിടെ ആശുപത്രിയിൽ കമ്പ്യൂട്ടർവൽക്കരണത്തിനുള്ള പദ്ധതി പരിഗണനയിലാണ്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ 400 കിടക്കകളുള്ള ആശുപത്രി കെട്ടിടം പണി പൂർത്തിയായി കഴിഞ്ഞു. 50 ലക്ഷം രൂപ മുടക്കി മെഡിക്കൽ ഗ്യാസ് പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടി പൂർത്തിയായി. ആധുനിക ചികിത്സാ സമ്പ്രദായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി എല്ലാ മെഡിക്കൽ കോളേജുകളെയും ബന്ധിപ്പിച്ചുകൊണ്ട് ടെലി മെഡിസിൻ പദ്ധതിക്ക് രൂപം നൽകിക്കഴിഞ്ഞു. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഇത് ഇപ്പോൾ ഭാഗികമായി നടപ്പിലാക്കിക്കഴിഞ്ഞു.

ഹോമിയോപ്പതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന 31 ഹോമിയോ ആശുപത്രികളുടെ നവീകരണത്തിന്റെ ഭാഗമായി നിലവിലുണ്ടായിരുന്ന 8 ക്ലിനിക്കൽ ലബോറട്ടറികൾക്കു പുറമേ 2003-2004 വർഷത്തിൽ മൂന്ന് ആശുപത്രികളിൽ പുതിയ ലബോറട്ടറികൾ തുടങ്ങുകയുണ്ടായി. ഇ.സി.ജി., ഓക്സിജൻ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. വകുപ്പിലെ ഏറ്റവും വലിയ ആശുപത്രികളായ കുറിച്ചി, തിരുവനന്തപുരം ആശുപത്രികളിൽ ലബോറട്ടറികൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഓട്ടോഅനലൈസർ, അൾട്രാ സൗണ്ട് സ്കാനിംഗ് ഏർപ്പെടുത്തി. കൂടാതെ 2004-05-ൽ മൂന്നു ആശുപത്രികളിൽകൂടി ക്ലിനിക്കൽ ലബോറട്ടറികൾ ആരംഭിക്കുവാനും പദ്ധതിയുണ്ട്. ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ സൗകര്യങ്ങൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഏർപ്പെടുത്തുന്നതാണ്.

ഭാരതീയ നാട്ടുചികിത്സാ വകുപ്പിൽ പത്താം പഞ്ചവത്സര പദ്ധതി (2002-2007) കാലഘട്ടത്തിൽ പ്രസ്തുത വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 14 ജില്ലാ ആയുർവേദ ആശുപത്രികൾ ഘട്ടംഘട്ടമായി നിലവാരമുയർത്തി നവീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. 2003-2004 സാമ്പത്തിക വർഷം. രണ്ട് ജില്ലാ ആയുർവ്വേദ ആശുപത്രികൾ 50 കിടക്കകൾ ഉള്ള

LIBRARY ARCHIVES Kerala Legislative Assembly

ആശുപത്രിയിൽ നിന്നും 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തി നവീകരിക്കുകയുണ്ടായി. 2004-2005-ൽ കൊല്ലം, തൃശ്ശൂർ ജില്ലാ ആയുർവ്വേദ ആശുപത്രികൾ നിലവാരമുയർത്തി നവീകരിക്കുന്നതിന് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം ഗവ. ആയുർവ്വേദ കോളേജ് ആശുപത്രിയിൽ പഴക്കം ചെന്ന ലിഫ്റ്റിനു പുറമേ പുതിയ ഓട്ടോമാറ്റിക് ലിഫ്റ്റ് സ്ഥാപിച്ചു. പുതിയ എക്സ്റേ മെഷീൻ സ്ഥാപിക്കുകയും പുതിയ ചികിത്സാ ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തു. തൃപ്പൂണിത്തുറ ഗവ. ആശുപത്രി വികസിപ്പിക്കുന്നതിന്റെ ഭാഗമായി 350 കിടക്കകളുള്ള പുതിയ ആശുപത്രി കെട്ടിടത്തിന്റെ പണി പൂർത്തിയായി വരുന്നു. കണ്ണൂർ ആയുർവ്വേദ കോളേജ് ആശുപത്രിയിൽ 150 കിടക്കകളുള്ള ആശുപത്രി കെട്ടിടത്തിന്റെ പണി പൂർത്തിയായി വരുന്നു. ഈ കെട്ടിടത്തിന്റെ പണികൾ പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കുന്നതാണ്.

ആരോഗ്യ വകുപ്പിലെ ഒഴിവുകൾ

105 [925] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് ഹെൽത്ത് സെന്ററുകൾ ഒഴികെ സംസ്ഥാനത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും വിവിധ തസ്തികകളിലായി നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഒഴിവുകൾ നികത്താൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) ആവശ്യത്തിനുള്ള ജീവനക്കാരുടെ അഭാവം കാരണം സേവനം ലഭ്യമാകാതിരിക്കുന്ന സ്ഥിതി പരിഹരിക്കുവാൻ ഒഴിവുകൾ പൂർണ്ണമായും പരിശോധിച്ച് നിയമനം നടത്താൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിൽ വിവിധ തസ്തികകളിലായി 2601 ഒഴിവുകളും മെഡിക്കൽ കോളേജുകളിലെ വിവിധ തസ്തികകളിലായി 615 ഒഴിവുകളും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 66-ഉം ഭാരതീയ നാട്ടുചികിത്സാ വകുപ്പിൽ 656-ഉം ഹോമിയോപ്പതി വകുപ്പിൽ 23-ഉം ഒഴിവുകളുണ്ട്.

(ബി) ആരോഗ്യ വകുപ്പിൽ താൽക്കാലിക/കരാർ വ്യവസ്ഥകളിൽ ചില ഒഴിവുകൾ നികത്തുന്നതിന് നടപടി എടുത്തിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രൊമോഷൻ നൽകി നികത്താനുള്ള തസ്തികകളിൽ ഡി.പി.സി. കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കി പ്രൊമോഷൻ നൽകിയും പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ള തസ്തികകളിൽ അതുവഴിയും റാങ്ക് ലിസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly